ശ്രീ. ടി. കെ. ദിവാകരൻ: ബോട്ടഹൗസിനെ സംബന്ധിച്ച് ഈ ചോദ്യത്തിലുള്ളതല്ലാതെ മറേറതെങ്കിലും വിധത്തിലുള്ള പരാതി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായി ഫയലുകളിൽനിന്നും ഗവണ്മെൻറിന് അറിയുകയില്ല. ബഹുമാനപ്പെട്ട മെമ്പർ ഇക്കാര്യത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളും ഗവണ്മെൻറ് അന്വേഷിക്കുന്നതാണ്.

ശ്രീ. ബി. മാധവൻ നായർ: തണ്ണീർമുക്കം പദ്ധതി വലിയ ഒരു വികസന പദ്ധതി ആയതുകൊണ്ട് സമ്മുടെ സംസ്ഥാന ഗവണ്മെൻറ് കൂടുതൽ കാര്യമായി ശ്രദ്ധിക്കത്തക്കവിധത്തിൽ ആ പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന എം. എൽ. എ. മാർ, എം. പി. മാർ മറ്റു ജനപ്രതിനിധികളും എന്നിവരടങ്ങുന്ന ഒരു ഉപദേശക സമിതി രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഡെ. സ്പീക്കർ: അഴിമതിയെപ്പറ്റിയുള്ള ചോദ്യമാണിത്.

ജലസേചന മന്ത്രി (ശ്രീ. പി. രാമുണ്ണിക്കുറുപ്പ്): ഈ പ്രോജക്ടിനു് ഒരു അഡ്വൈസറി കമ്മിറ്റി ഇപ്പോഴുത്തന്നെ നിലവിലുണ്ട്.

ശ്രീ. എം. രാമുണ്ണി: അഴിമതി ആരോപണങ്ങളെപ്പറ്റി ഡിപ്പാർട്ടുമെൻറൽ എൻക്വയറി നടത്തുന്നതിനു പുറമെ വിജിലൻസ് കമ്മീഷനെക്കൊണ്ടുകൂടി അന്വേഷിപ്പിക്കുവാൻ നടപടിയെടുക്കുമോ ?

ശ്രീ. ടി. കെ. ദിവാകരൻ: ഇതിനെ സംബന്ധിച്ചിടത്തോളം കിട്ടിയ പരാതികളും ഹോം ഡിപ്പാർട്ടുമെൻറിനു് അയച്ചുകൊടുക്കുകയാണു് ചെയ്തിട്ടുള്ളതു്. ഹോം ഡിപ്പാർട്ടുമെൻറ് ആണു് അതിൻെറമേൽ ആവശ്യമായ നടപടികളെടുക്കേണ്ടതു്. ഹോം ഡിപ്പാർട്ടുമെൻറു് ഡിപ്പാർട്ടുമെൻറലായ അന്വേഷണത്തിനു് അയച്ചിരിക്കുന്നതായിട്ടാണു് മനസ്സിലാക്കാൻ കഴിഞ്ഞതു്,

അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാർ

* 225 [811] ശ്രീ. സി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വനവും ഹരിജനക്ഷേമവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെൻറു് അധികാരത്തിൽ വന്നതിനുശേഷം അഴിമതിക്കാരായ എത്ര ഉദ്യോഗസ്ഥരുടെ പേരിൽ നടപടി എടുത്തു;

(ബി) അഴിമതിയാരോപണത്തിനു് പുറത്തു നിറുത്തിയിരുന്ന എത്ര ഉദ്യോഗസ്ഥന്മാരെ തിരിച്ചെടുത്തു;

(സി) അവർ ആരെല്ലാമാണു് ?

റവന്യു മന്ത്രി (ശ്രീമതി കെ. ആർ. ഗൗരി):

(എ,ബി,സി.). വിവരം ശേഖരിച്ചു വരുന്നു.

ശ്രീ. കെ. കരുണാകരൻ: മുമ്പു് പലപ്പോഴും ഇതിനു മറുപടി പറഞ്ഞിട്ടുള്ളതു് വിവരം ശേഖരിച്ചു വരുന്നു എന്നാണു്. എന്നും ഇക്കാര്യത്തിൽ വിവരം ശേഖരിച്ചു വരുന്നു എന്നാണു് പറയുന്നതു്. വിവരം ശേഖരിക്കുന്നതു് ഒരിക്കലും അവസാനിക്കുകയില്ലേ ?

ഡെ. സ്പീക്കർ: കുറച്ചു ദിവസങ്ങൾക്കകം വിവരം കിട്ടിയില്ലെങ്കിൽ സ്പീക്കറുടെ ശ്രദ്ധയിൽപ്പെടുത്തണം.

ശ്രീമതി കെ. ആർ. ഗൗരി: വിജിലൻസ് ഡിവിഷൻെറ മാത്രമല്ലാതെ ഡിപ്പാർട്ടുമെൻറലായ നടപടികളും എടുത്തിട്ടുള്ളതും ഇതിൽ ഉൾപ്പെടുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവണ്മെൻറു് അധികാരത്തിൽ വന്നതിനുശേഷം അഴിമതിക്കാരായ എത്ര ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി എടുത്തു എന്നുള്ളതാണു് ചോദ്യം. ഇതിൽ വിജിലൻസു് ഡിവിഷന്റെയും ഡിപ്പാർട്ടുമെൻറുകളുടെയും ഉണ്ടാകും. അതുകൊണ്ടാണു് അതിന്റെ വിവരം കിട്ടാൻ താമസിക്കുന്നതു്. വിജിലൻസു് ഡിവിഷന്റെതു മാത്രമാണെങ്കിൽ ഞാൻ വായിച്ചുകേൾപ്പിക്കാം. പക്ഷേ അതു ഉത്തരത്തിന്റെ ഒരു പാർട്ടു മാത്രമേ ആകുന്നുള്ളു.

Total number of cases investigated and enquired into—	1252
Total number of cases sent for prosecution.	4
Total number of cases sent for Tribunal enquiry.	23
Total number of cases sent for departmental enquiry.	202
Total number of cases on which further action dropped.	463
Total number of cases on which the orders of Government awaited.	140

നാലു കേസ്സുകളും താഴെ പറയുന്നവയാണു്.

1. Sri Gnanamanickam, Circle Inspector.
2. Sri C.C. Kunhan, formerly Director of Harijan welfare.
3. Sri K. Balakrishnan Nair, Police Constable.
4. Sri P. Balakrishnan Nair, Police Constable, formerly attached to the Pattambi Police Station.

ശ്രീ. പി. പി. ജോജ്ജു്: ഉദ്യോഗസ്ഥന്മാരുടെ പേരിലുള്ള അഴിമതി യാരോപണങ്ങളെ സംബന്ധിച്ചു് എങ്കു് ബ്രാഞ്ചു് അന്വേഷിച്ചു് ട്രൈബ്യൂണലിനെ ഏല്പിക്കുന്ന നടപടിക്രമത്തിൽ വല്ല മാറ്റവും വരുത്തിയിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: നോട്ടീസു് കൂടാതെ പറയാൻ പറ്റുകയില്ല.

ശ്രീ. ഇ. ജോൺ ജേക്കബ്ബു്: ചീഫു് കൺസർവേറ്ററായിരുന്ന ശ്രീ. എം. പി. ജോർജ്ജിന്റെപേരിൽ രണ്ടുവർഷമായിട്ടു് അന്വേഷണം നടത്തിയിട്ടു് യാതൊരു ഫൈൻഡിംഗും വരുത്താത്തതിന്റെ കാരണമെന്താണു്, അന്വേഷണം ഇങ്ങനെ നീട്ടിക്കൊണ്ടുപോകുന്നതു് നീതിരഹിതമായ നടപടിയാണെന്നു് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി: ഫൈൻഡിംഗു് വന്നിട്ടുണ്ടോയെന്നറിഞ്ഞുകൂടാ. ആ ഉദ്യോഗസ്ഥൻ ഇപ്പോഴും സസ്പെൻഷനിലാണു്. താമസമെന്താണെന്നുള്ളതിനെപ്പറ്റി അന്വേഷിച്ചാലെ പറയുവാൻ പറ്റൂ.

ശ്രീ. കെ. കെ. കുമാരപിള്ള: അഴിമതിയാരോപണത്തിനു വിധേയരായി പുറത്തുനിറുത്തിയിരുന്നവരെ തിരിച്ചെടുത്തതിന്റെ മാനദണ്ഡം കുറ്റത്തിന്റെ സ്വാഭാവമാണോ ട്രൈബ്യൂണലുകളുടെ വിധിയുടെ അടിസ്ഥാനത്തിലാണോ, അതോ മറ്റുവല്ല പരിഗണനകളുടേയും അടിസ്ഥാനത്തിലാണോ ?

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. കുഞ്ഞന്റെ കാര്യം പറയാം. ട്രിബ്യൂണലിന്റെ വിധിയിൽ അയാളെ തിരിച്ചെടുക്കരുതെന്നു പറഞ്ഞിട്ടില്ല എന്നാണു എന്റെ ഓർമ്മ. തിരിച്ചെടുത്താൽ ഡിപ്പാർട്ടുമെൻറു് ഹെഡ്ഡു് ആക്കരുതെന്നു പറഞ്ഞിരുന്നു. ജ്ഞാനശെൽവത്തിന്റെയും മറ്റുള്ളവരുടെയും കാര്യം എനിക്കു് ഇപ്പോഴും വ്യക്തമായിട്ടു് അറിഞ്ഞുകൂടാ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. കുമാരപിള്ള: സർ, ഈ സഭയുടെ മുമ്പിൽ പറയുന്ന കാര്യങ്ങളം ശരിയല്ലെന്നു പറയേണ്ടിവന്നതിൽ ക്ഷമിക്കണം.

ഡെ. സ്പീക്കർ: ശരിയല്ലാത്ത ഉത്തരം പറയുകയാണെങ്കിൽ അതിനു വേറെ നടപടിയുണ്ട്. അതനുസരിച്ച് റേയ്സുചെയ്യാം.

ശ്രീ. കെ. കെ. കുമാരപിള്ള: ബഹുമാനപ്പെട്ട മന്ത്രിപറഞ്ഞ ഉദ്യോഗസ്ഥന്റെ കാര്യത്തിൽത്തന്നെ മൂന്നു ട്രിബ്യൂണലുകളും demote and compulsory retirement ചെയ്യണമെന്നും ഡിപ്പാർട്ടുമെന്റ് ഹെഡ് ആക്കരുതെന്നും പറഞ്ഞിട്ടുണ്ട്. അത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ എന്റെ ഓർമ്മയിൽ നിന്നും പറയുന്നതാണ്. ക്യാബിനറ്റിൽ ഇതിനെസംബന്ധിച്ച് ഒരു നോട്ടുവന്നു. അതിൽ കണ്ടകാര്യങ്ങളം ഓർമ്മയിൽ നിന്നും ഞാൻ പറയുന്നതാണ്. എല്ലാം പഠിച്ചിട്ട് ഉത്തരം പറയുകയെന്നു പറഞ്ഞാൽ നടപ്പുള്ളകാര്യമല്ല. മെമ്പറുടെ അഭിപ്രായം അയാളെ dismiss ചെയ്യണമെന്നായിരുന്നു ശുപാർശ എന്നാണ്. എന്റെ ഓർമ്മ അങ്ങനെയല്ല. നോക്കി വിവരം പറയാം.

ശ്രീ. കെ. എം. മാണി: കൊട്ടാരക്കര ട്രഷറിയിലെ പണാപഹരണ കേസിൽ ശിക്ഷിക്കപ്പെട്ട രവീന്ദ്രനെ തിരിച്ചെടുക്കാനുണ്ടായ കാരണമെന്താണ്, അയാളെ തിരിച്ചെടുത്തിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി: അതിനെസംബന്ധിച്ച് മുമ്പു ഞാൻ പറഞ്ഞിട്ടുള്ളതാണ്. കൊട്ടാരക്കര ട്രഷറി പണാപഹരണകേസിലെ പ്രതിയെ സസ് പെൻഷനിൽ നിറുത്തിയിരിക്കുകയായിരുന്നു. ഡിസ്മിസ് ചെയ്തതായി കാണുന്നില്ല. ഹൈക്കോടതി കേസു വിടുകയും റവന്യൂബോർഡ് അന്വേഷിക്കുകയും ചെയ്തു. ബോർഡ് അന്വേഷിച്ചതിനുശേഷം അവരുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അയാളെ തിരിച്ച് സർവീസിൽ പ്രവേശിപ്പിക്കാൻ ഉത്തരവുപാസ്സാക്കി. Dismiss അതിനുമുമ്പ് നടന്നിരിക്കാൻ ഇടയില്ല.

ശ്രീ. കെ. കരുണാകരൻ: ഈ സഭയുടെ മേശപ്പുറത്തു വച്ച ഫയലിന്റെ അടിസ്ഥാനത്തിൽ നോക്കുമ്പോൾ ബഹുമാനപ്പെട്ട ശ്രീ. കുമാരപിള്ള പറഞ്ഞതുപോലെ ഇൻക്രിമെന്റു നൽകരുതെന്നും പിരിച്ചുവിടണമെന്നും ട്രിബ്യൂണൽ ശുപാർശചെയ്തിരുന്ന ശ്രീ. സി. സി. കുഞ്ഞനെ തിരിച്ചെടുത്തു പിൽക്കാല പ്രാബല്യംവച്ച് ശമ്പളം കൊടുക്കാൻ ഗവണ്മെന്റിനെ പ്രേരിപ്പിച്ച സംഗതികൾ എന്തൊക്കെയാണ്, ആവശ്യമെന്താണ് ?

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ. കരുണാകരന്റെ ആദ്യം പറഞ്ഞ രണ്ടു കാര്യങ്ങളും എനിക്കറിഞ്ഞുകൂടാത്തതുകൊണ്ട് ശരിയാണെന്നു ഞാൻ സമ്മതിക്കുന്നില്ല. അത് ശരിയാണോ എന്നു് എനിക്കറിഞ്ഞുകൂടാ.

ശ്രീ. കെ. കരുണാകരൻ: സഭയുടെ മേശപ്പുറത്തുവച്ച കടലാസിനെ സംബന്ധിച്ച് ഒന്നും അറിഞ്ഞുകൂടെന്നു പറയുന്നതു ശരിയല്ല.

ഡെ. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയല്ല അത് കൈകാര്യം ചെയ്യുന്നതു്.

ശ്രീ. കെ. കരുണാകരൻ: ഈ സഭയിലെ എല്ലാ ആളുകളും അത് അറിഞ്ഞിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ: ശ്രീ. രവീന്ദ്രനെ കുടിശ്ശിക ശമ്പളം കൊടുത്താണോ തിരിച്ചെടുത്തത്?

ശ്രീമതി കെ. ആർ. ഗൗരി: അതിന്റെ ആർഡർ ഇതാണ്. അതിന്റെ വിവരം പറഞ്ഞുതരാം. സസ്പെൻഷൻ കാലത്തെ ശമ്പളം തിരിച്ചുകൊടുക്കണമെന്നും സസ്പെൻഷൻകാലം ഡ്യൂട്ടിയായി കണക്കാക്കണമെന്നും പറഞ്ഞിട്ടുണ്ട്. അതുവെച്ചുനോക്കുമ്പോൾ പ്രമോഷൻകൂടി കൊടുക്കണം. അതുകൊണ്ട് ഗവണ്മെന്റ് ആ കാര്യം സുവോമോട്ടോവായിട്ട് റിവിഷൻ എടുത്തു. പ്രീ ആഡിററിനുപോകേണ്ട ശമ്പളം അയാൾ വാങ്ങിച്ചിട്ടില്ല. ബാക്കിയുള്ളതു് വാങ്ങിച്ചെന്നാണ് എന്റെ ഓർമ്മ.

ശ്രീ. എം. രാമുണ്ണി: ഈ പ്രത്യേക ഉദ്യോഗസ്ഥന്റെ പുനർ നിയമനത്തെ സംബന്ധിച്ച് പല ഊഹാപോഹങ്ങളും ധൂമവലയങ്ങളുമുള്ളതുകൊണ്ട് ഈ ഫയൽ മേശപ്പുറത്തു വയ്ക്കാമോ?

ശ്രീമതി കെ. ആർ. ഗൗരി: ഗവണ്മെന്റിന്റെ കൈവശം ആകെ ഒരു ഫയൽ മാത്രമാണുള്ളതു്. 42,000 രൂപായുടെ ഡിഫാംക്കേഷൻ റൈറാഫ് ചെയ്യണമെന്നുള്ളതാണ് ആ ഫയൽ. അതിനു് ഞാൻ അനുവാദം കൊടുത്തിട്ടില്ല. ആ ഒരൊറ്റ ഫയലേ ഉള്ളൂ.

ശ്രീ. എം. രാമുണ്ണി: അതു മേശപ്പുറത്തുവയ്ക്കാമോ ?

ശ്രീമതി കെ. ആർ. ഗൗരി: അതിനു് യാതൊരു വിരോധവുമില്ല, ഈ ഫയൽ ഈ സഭയുടെ മേശപ്പുറത്തുവയ്ക്കണമെങ്കിൽ വയ്ക്കാം.

ശ്രീ. കെ. എം. മാണി: ശ്രീമാൻ സി. സി. കുഞ്ഞനെ നിർബന്ധിത പെൻഷൻകൊടുത്തു് പിരിച്ചുവിടണമെന്നു് മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ആ ഫയൽ മേശപ്പുറത്തുവയ്ക്കണമെന്നു് ആവശ്യപ്പെടുകയും ഫയൽ മേശപ്പുറത്തുവച്ചപ്പോൾ നിർബന്ധിതപെൻഷൻ കൊടുക്കണമെന്നു് അതിൽ പറഞ്ഞിരിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഇവിടെ ഒരു പ്രിവിലേജ് മോഷൻ അവതരിപ്പിക്കുകയുമൊക്കെ ചെയ്തിട്ടും സഭാനേതാവു് അറിഞ്ഞിട്ടില്ലെന്നു പറയുന്നതു് ഉത്തരംതരുന്നതിൽ നിന്നും ഒഴിഞ്ഞുമാറുന്നതിനുവേണ്ടിയല്ലേ, അതു ശരിയാണോ ?

ശ്രീമതി കെ. ആർ. ഗൗരി: ആ ചോദ്യം എങ്ങനെ വന്നു എന്നറിഞ്ഞുകൂടാ. ഞാൻ ഒഴിഞ്ഞുമാറിയില്ല. അറിയാവുന്ന വിവരം ഓർമ്മയിൽനിന്നും പറയുകയായിരുന്നു.

ഡെ. സ്പീക്കർ: ഈ പ്രശ്നത്തെസംബന്ധിച്ചു് വളരെ വിശദമായ ചർച്ച ഈ സഭയിൽ നടന്നിട്ടുണ്ട്. അപ്പോൾ ജനങ്ങൾക്കു് അതിനെ സംബന്ധിച്ച കാര്യങ്ങൾ മനസ്സിലാക്കാൻ അവസരവും കിട്ടിയിട്ടുണ്ട്.

ശ്രീ. കെ. കെ. അബു: ഈ 42,000 രൂപാ റൈറാഫു് ചെയ്യണമെന്നു പറഞ്ഞതു് ഏതു മന്ത്രിയാണു്?

ശ്രീമതി കെ. ആർ. ഗൗരി: ഫയൽ മേശപ്പുറത്തു വയ്ക്കാം. അപ്പോൾ എല്ലാ കാര്യങ്ങളും മനസ്സിലാക്കാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly